പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3719 — 30.01.2014-ൽ മറുപടിയ്ക്ക്

## "വിഷൻ ഇന്ത്യാ കേരള പദ്ധതി "

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിൽ ഫുട്ബോൾ കളിയുടെ വളർച്ചയ്ക്ക് നടപ്പാക്കി വരുന്ന 'വിഷൻ ഇന്ത്യ കേരള പദ്ധതി; ഇപ്പോൾ എത്ര വിദ്യാലയങ്ങളിൽ നടന്നുവരുന്നുണ്ടെന്ന് വിശദമാക്കുമോ ; | (എ) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെയും, കേരള ഫുട്ബോൾ അസോസിയേഷന്റെയും, ആഭിമുഖ്യത്തിൽ കേരളത്തിൽ നടപ്പിലാക്കിവരുന്ന വിഷൻ ഇന്ത്യാ കേരള പദ്ധതി സംസ്ഥാനത്തെ 14 ജില്ലകളിലായി, തെരഞ്ഞെടുത്ത 91 സ്കൂളുകളിൽ കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകി വരുന്നു. |
| (ബി) | ഏതെങ്കിലും കേന്ദ്രങ്ങളിൽ ഈ പദ്ധതി നിർത്തൽ ചെയ്തിട്ടുണ്ടോ ; | (ബി) | ഇല്ല. |
| (സി) | നിർത്തൽ ചെയ്ത വിദ്യാലയങ്ങൾ ഏതെല്ലാമാണെന്നും ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ; | (സി) | ചോദ്യം ഉദിക്കുന്നില്ല. |
| (ഡി) | കേരളത്തിൽ ഫുട്ബോൾ കളിയുടെ വികസനത്തിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ? | (ഡി) | സംസ്ഥാനത്ത് ഫുട്ബോൾ കളി പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെയും, കേരള ഫുട്ബോൾ അസോസിയേഷന്റെയും, ആഭിമുഖ്യത്തിൽ 2008-09-ൽ ആരംഭിച്ച വിഷൻ ഇന്ത്യാ കേരള പദ്ധതി ഇപ്പോഴും തുടർന്നു വരുന്നു.<br><br>14 ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത 91 സെന്ററുകളിലായി 2275 കുട്ടികൾക്ക് പ്രസ്തുത പദ്ധതിയുടെ കീഴിൽ പരിശീലനം നൽകി വരുകയും എല്ലാ വർഷവും ജില്ലാ/സംസ്ഥാനതല ഫുട്ബോൾ ലീഗ് മത്സരങ്ങളിൽ പങ്കെടുത്ത എല്ലാ ടീമുകൾക്കും 10000/- രൂപ വീതവും. ഒന്നും, രണ്ടും സ്ഥാനം കരസ്ഥമാക്കിയവർക്ക് ട്രോഫിയും, വ്യക്തിഗത മെഡലുകളും, സമ്മാനമായി |

സ്പോർട്സ് കിറ്റുകളും നൽകുകയുണ്ടായി. കൂടാതെ ഈ പദ്ധതിയുടെ കീഴിൽ പരിശീലനം നടത്തുന്ന കുട്ടികൾക്ക്, ബൂട്ട്സ്, ജഴ്സി, സ്റ്റോക്കിംഗ്സ്, ഷിൻ ഗാർഡ്, എന്നിവയും കൂടാതെ പരിശീലനത്തിനാവശ്യമായ ബോളുകളും വിതരണം ചെയ്തിട്ടുണ്ട്.

കൂടാതെ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ സ്കൂൾ കോളേജ് തലത്തിൽ സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു. ഫുട്ബോളിനായി കോളേജ് തലത്തിൽ ആൺകുട്ടികൾക്ക് 5 സ്പോർട്സ് ഹോസ്റ്റലുകളും, പെൺകുട്ടികൾക്ക് ഒരു സ്പോർട്സ് ഹോസ്റ്റലും, സ്കൂൾ തലത്തിൽ ആൺകുട്ടികൾക്ക് 6 സ്പോർട്സ് ഹോസ്റ്റലുകളും, നിലവിലുണ്ട്. പ്രസ്തുത ഹോസ്റ്റലുകളിലെ കുട്ടികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതോടൊപ്പം, സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ, ഭക്ഷണത്തിനുള്ള ചെലവുകൾ എന്നിവ സംസ്ഥാന സ്പോർട്സ് കൗൺസിൽ നൽകി വരുന്നു.

മാത്രമല്ല, ഡേ ബോർഡിംഗ് സ്കീമിൽ ഉൾപ്പെടുത്തി ഫുട്ബോളിനായി 14 ജില്ലകളിലായി സ്കൂളുകളും, ക്ലബ്ബുകളും കേന്ദ്രീകരിച്ച് 15 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു.

കായികയുവജനകാര്യ വകുപ്പിന്റെ സ്മൈൽ പദ്ധയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിൽ ഫുട്സൽ കോർട്ടും കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂരിൽ ഒരു സിന്തറ്റിക് ഫുട്ബോൾ ടർഫും നിർമ്മിക്കുന്നുണ്ട്. കൂടാതെ കായികയുവജനകാര്യ ഡയറക്ടർ മുഖാന്തിരം പുട്ബോൾ കളിക്കുന്നതിനുൾപ്പെടെയുള്ള കായിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി ധനസഹായം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ